# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 473 — **07.01.2014**- ലെ മറുപടിക്ക്

## സഹകാരി സമ്പർക്ക പരിപാടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകാരി സമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) സഹകാരി സമ്പർക്ക പരിപാടി (മുഖാമുഖം-2013) എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) സഹകരണ മേഖലയും സഹകരണ സംഘങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക, സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക, സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുക, സഹകാരികൾക്ക് അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നിവയാണ് സഹകാരി സമ്പർക്ക പരിപാടി സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യ ങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്; | (സി) സഹകരണ മേഖല അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളും, സഹകരണ മേഖലയിലെ ഓരോ സെക്ടറും നേരിടുന്ന പ്രശ്നങ്ങളും സഹകാരി സമ്പർക്ക പരിപാടി (മുഖാമുഖം-2013)യുടെ പ്രമുഖ വിഷയങ്ങളായിരുന്നു. |
| ഡി) പരിപാടിയിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടിയെടുക്കുമോ? | (ഡി) സഹകാരി സമ്പർക്ക പരിപാടി (മുഖാമുഖം-2013)യിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച്, ആവശ്യമെങ്കിൽ കേരള സഹകരണ സംഘം നിയമത്തിലും കേരള സഹകരണ ചട്ടത്തിലും ഭേദഗതി വരുത്തുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ